# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

3.12.2015 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1300

## കയർ വ്യവസായവുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി കയർ വ്യവസായവുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) 2011-12<br><br>നിലവിൽ തുടർന്നു വരുന്ന പദ്ധതികളോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതി ചുവടെ ചേർക്കുന്നു.<br><br>കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായ പദ്ധതിയ്ക്കായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചു.<br><br>2012-13<br><br>നിലവിൽ തുടർന്നു വരുന്ന പദ്ധതികളോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>കയർ മേഖലയ്ക്കായി ആകെ 100 കോടി രൂപ വകയിരുത്തിയിരുന്നു കയർ കേരള 2013 സംഘടിപ്പിക്കുന്നതിന് 2 കോടി രൂപ പ്രഖ്യാപിച്ചു.<br><br>വിനോദസഞ്ചാരമേഖലയുമായി സമന്വയിപ്പിച്ച് ഒരു മാതൃകാ കയർ ഗ്രാമം ഒരുക്കിയെടുക്കുക എന്നതാണ് ഈ വകുപ്പ് ഏറ്റെടുത്തിരിക്കുന്ന മറ്റൊരു ദൗത്യം. പൊതു-സ്വകാര്യ മേഖലാ പങ്കാളിത്ത രീതിയിൽ രൂപം നൽകുന്ന കയർ ഗ്രാമത്തിന്റെ നിർമ്മാണത്തിനായി ആദ്യപടിയായി 10 ലക്ഷം രൂപ പ്രഖ്യാപിച്ചു.<br><br>ആഭരണങ്ങൾ, ബാഗ്, ഫയലുകൾ തുടങ്ങി വൈവിധ്യമാർന്ന ഉല്പന്നങ്ങളും, അലങ്കാര വസ്തുക്കളും എന്നിവയുടെ നിർമ്മാണം, വിപണനം എന്നിവയ്ക്കായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചു.<br><br>2013-14<br><br>നിലവിൽ തുടർന്നു വരുന്ന പദ്ധതികളോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>പരമ്പരാഗത തൊഴിലാളി അധിവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനായി 10 കോടി രൂപ പ്രഖ്യാപിച്ചു.<br><br>**കയർ കയറ്റുമതി സംസ്കരണ പാർക്ക്**<br><br>ആലപ്പുഴയിൽ ഒരു കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കുന്നതിനായി 5 കോടി രൂപ പ്രഖ്യാപിച്ചു. |

| | |
|---|---|
| | കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ CIAL മാതൃകയിൽ അന്തർ ദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെൻറർ സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപ പ്രഖ്യാപിച്ചു.<br><br>ബഡ്ജറ്റ് പ്രസംഗത്തിൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജന പ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും, നൂതന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതിനായി 20 ലക്ഷം രൂപ പ്രഖ്യാപിച്ചു.<br><br>2014-15<br><br>നിലവിൽ തുടർന്നു വരുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ പുതിയ പദ്ധതികൾ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.<br><br>2015-16<br><br>നിലവിൽ തുടർന്നു വരുന്ന പദ്ധതികളോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>കയർ ഉല്പാദനത്തിനുവേണ്ടുന്ന ചകിരിനാരിന്റെ ദൌർലഭ്യം പരിഹരിക്കുന്നതിനായി പിപിപി അടിസ്ഥാനത്തിൽ കേന്ദ്രീകൃത ഫാക്ടറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പ്രഖ്യാപിച്ചു.<br><br>പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ കുട്ടികൾക്കായി ഒരു കോടി രൂപ വകയിരുത്തുകയുണ്ടായി. |
| ബി) ഈ അഞ്ചു ബജറ്റുകളിലായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കാമോ? | ബി) 2011-12 വർഷത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായധനം പദ്ധതിയും 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മാതൃക കയർ ഗ്രാമം സ്ഥാപിക്കൽ എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. 2015-16 ൽ പ്രഖ്യാപിച്ച കയർ ഉല്പാദനത്തിനുവേണ്ടുന്ന ചകിരിനാരിന്റെ ദൌർലഭ്യം പരിഹരിക്കുന്നതിനായി പിപിപി അടിസ്ഥാനത്തിൽ കേന്ദ്രീകൃത ഫാക്ടറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പരിശോധിച്ചു വരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്ന പദ്ധതി കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുന്ന സാഹചര്യത്തിൽ കയർ തൊഴിലാളികളുടെ മക്കൾക്ക് |

| | |
|---|---|
| | **2014-15**<br>കയർ കയറ്റുമതി സംസ്ക്കരണ പാർക്ക് - 4,95,16,000<br>2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന കയർ കയറ്റുമതി സംസ്ക്കരണ പാർക്കിന് 2013-14 വർഷം തുക വകയിരുത്താത്തതിനാൽ 2014-15 വർഷം ഭരണാനുമതി നൽകുകയും തുക കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് റീലിസ് ചെയ്ത് നൽകുകയും ചെയ്തു.<br>**2015-16**<br>ഇന്നവേഷൻ ഫണ്ട് & ഇങ്കുബേഷൻ സെൽ - 20,00,000<br>കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നോവേഷൻ ഫണ്ട്, നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2015-16 വർഷം മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി തുക എൻ.സി.ആർ.എം.ഐ യ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ